**File No.LSGD-FM2/235/2019-LSGD**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -പാലക്കാട് ജില്ലയിലെ വിളയൂർ ഗ്രാമ പഞ്ചായത്തിൽ അനുവദിച്ച കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് കെട്ടിട വാടക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി --ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.40/2020/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 04/01/2020**

പരാമർശം:- 1.വിളയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 05/08/2019 ലെ A3/1734/18(2) നമ്പർ കത്ത്.

2. പഞ്ചായത്ത് ഡയറക്ടറുടെ 16/11/2019 ലെ PAN/14665/2019-G1(DP) കത്ത്

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ വിളയൂർ ഗ്രാമ പഞ്ചായത്തിൽ അനുവദിച്ച കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് പ്രവർത്തിക്കുന്നതിന് പുതിയ കെട്ടിടം പൂർത്തീകരിക്കുന്നത് വരെ, ശ്രീ വെങ്ങാലിൽ അബ്ദുൽ ഖാദർ എന്നവരുടെ ഉടമസ്ഥതയിലുള്ളതും വിളയൂർ ഗ്രാമപഞ്ചായത്ത് 8/305,8/306,8/307,8/308 എന്നീ കെട്ടിട നമ്പറോട് കൂടിയതുമായ കടമുറികൾ, ഭരണ സമിതി തീരുമാന പ്രകാരം, കണ്ടെത്തിയിട്ടുണ്ട്. 2 വർഷത്തേക്ക് വാടകയ്ക്ക് പഞ്ചായത്തിനു നൽകുന്നതിന് കെട്ടിട ഉടമ പഞ്ചായത്ത് സെക്രട്ടറിയുമായി കരാറിലേർപ്പെട്ടിട്ടുമുണ്ട്. കട ഉടമയും സെക്രട്ടറിയുമായുള്ള കരാർ പ്രകാരം പിഡബ്ല്യുഡി നിശ്ചയിക്കുന്ന തുകയോ 8,000/- രൂപയോ ഏതാണ് കുറവ് ആ തുക മാസവാടകയായി നല്കേണ്ടതുണ്ട്. ആയതിനാൽ പ്രസ്തുത കെട്ടിടത്തിൽ ഇലക്ട്രിസിറ്റി സെക്ഷൻ ഓഫീസ് പ്രാവർത്തികമാക്കുന്നതിന് വേണ്ടിയുള്ള നടപടികളുടെ ഭാഗമായി പിഡബ്ല്യുഡി നിശ്ചയിച്ച വാടക ഗ്രാമപഞ്ചായത്തിലെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് വിളയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ വിളയൂർ ഗ്രാമ പഞ്ചായത്തിൽ പുതിയതായി അനുവദിച്ച KSEB സെക്ഷൻ ഓഫീസ് പ്രവർത്തിക്കുന്നതിന് പുതിയ സെക്ഷൻ ഓഫീസ് കെട്ടിടം പൂർത്തീകരിക്കുന്നത് വരെ പരമാവധി രണ്ടു വർഷത്തേക്ക് ശ്രീ വെങ്ങാലിൽ അബ്ദുൽ ഖാദർ എന്നവരുടെ ഉടമസ്ഥതയിലുള്ളതും വിളയൂർ ഗ്രാമപഞ്ചായത്തിലേ 8/305,8/306,8/307,8/308 എന്നീ കെട്ടിട നമ്പറോട് കൂടിയതുമായ കടമുറികൾ PWD നിശ്ചയിച്ച തുകയോ 8,000/- രൂപയോ ഏതാണ് കുറവ് ആ തുക മാസ വാടക ആയി പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

സെക്രട്ടറി, വിളയൂർ ഗ്രാമപഞ്ചായത്ത്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ